# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2028** **16.02.2016 ൽ മറുപടിക്ക്**

**റോഡ് അപകടങ്ങളിൽപ്പെടുന്നവരുടെ ചികിത്സ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റി അപകടങ്ങൾ കൂടുതലായുള്ള ഭാഗങ്ങൾ കേന്ദ്രീകരിച്ചും, ഇതര ഭാഗങ്ങളിലും റോഡ് അപകടങ്ങളിൽപ്പെടുന്നവരുടെ ചികിത്സ ഉറപ്പാക്കുന്നതിലേക്കായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) യും (ബി) യും | സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റി നേരിട്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നില്ല. വിവിധ വകുപ്പുകൾ, ഏജൻസികൾ വഴിയാണ് പദ്ധതികൾ നടപ്പാക്കുന്നത്. റോഡ് സുരക്ഷാ അതോറിറ്റി ആരോഗ്യ വകുപ്പിന് 2009- ൽ 5 കോടി രൂപ അനുവദിച്ചിരുന്നു. ടി തുക ഹരിപ്പാട്, വടകര, പയ്യന്നൂർ താലൂക്ക് ആശുപത്രികളിലും, പത്തനംതിട്ട ജനറൽ ആശുപത്രി, കുറ്റിപ്പുറം സി.എച്ച്.സി എന്നിവിടങ്ങളിൽ ട്രോമാകെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിനും പോലീസ് വകുപ്പിൽ നിന്നും ലഭിച്ച ആംബുലൻസുകളെ ട്രോമാകെയർ ആംബുലൻസുകളാക്കി സജ്ജീകരിക്കാനും ട്രോമാകെയർ യൂണിറ്റുകൾക്ക് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുക, ഇതുമായി ബന്ധപ്പെട്ട മൈനർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക, ആംബുലൻസിന്റെ കണ്ടിജൻസി ചെലവുകൾ, ആംബുലൻസിന്റെ ഡ്രൈവർമാർക്കും, ടെക്നീഷ്യൻമാർക്കും വേതനം നൽകുക |
| (ബി) | എങ്കിൽ ഈ ആവശ്യത്തിലേക്കായി എത്ര തുക വകയിരിത്തിയിട്ടുണ്ടെന്നും ട്രോമാകെയർ യൂണിറ്റുകൾ ഉൾപ്പെടെ എന്തെല്ലാം ആവശ്യങ്ങൾക്ക് ഈ തുക വിനിയോഗിക്കുന്നുവെന്നും അറിയിക്കുമോ; | | |

| | | | |
|---|---|---|---|
| | | | എന്നവയ്ക്കായി ആരോഗ്യം കുടുംബക്ഷേമ വകുപ്പ് ഭരണാനുമതി നൽകിയിരുന്നു. |
| (സി) | കൊല്ലം ജില്ലയിലെ പാരിപ്പള്ളി കേന്ദ്രീകരിച്ച് ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതി ലേക്കുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കു ന്നതിലേക്ക് തടസ്സങ്ങൾവല്ലതും നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | കൊല്ലം ജില്ലയിലെ പാരിപ്പള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ട്രോമാകെയർ സംവിധാനത്തിനും ആയ തിന്റെ കെട്ടിട നിർമ്മാണത്തിനുമായി ആകെ 3,89,34,585/- രൂപയുടെ ശുപാർശ ആരോഗ്യവകുപ്പ് ഡയറക്ടർ കേരള റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് സമർപ്പിച്ചിരുന്നു. അതോറിറ്റി നിയമ പ്രകാരം കെട്ടിട നിർമ്മാണത്തിന് ഫണ്ട് നൽകുവാൻ സാധിക്കുകയില്ലായെന്ന് 26/12/2015 ന് കൂടിയ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സൂക്ഷ്മപരിശോധന കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാന ത്തിൽ കെട്ടിടംപണി തനതു ഫണ്ടിൽ നിന്നും ചെയ്തതിനു ശേഷം ട്രോമാകെയർ ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് മാത്രമായുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ